പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 276

2025-ലെ കേരള പൊതുജന പരാതി പരിഹാര അവകാശ ബിൽ

(ഡോ. എൻ. ജയരാജ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 276

2025-ലെ കേരള പൊതുജന പരാതി പരിഹാര അവകാശ ബിൽ

(ഡോ. എൻ. ജയരാജ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 276

2025-ലെ കേരള പൊതുജന പരാതി പരിഹാര അവകാശ ബിൽ

(ഡോ. എൻ. ജയരാജ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

സംസ്ഥാനത്ത് പൊതുജനങ്ങളുടെ പരാതി നിശ്ചിത സമയപരിധിക്കുള്ളിൽ പരിഹരിക്കപ്പെടുന്നതിനുള്ള അവകാശം പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗിക മായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—സംസ്ഥാനത്ത് പൊതുജനങ്ങളുടെ പരാതി നിശ്ചിത സമയപരിധിക്കുള്ളിൽ പരിഹരിക്കപ്പെടുന്നതിനുള്ള അവകാശം പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കുമായി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2025-ലെ കേരള പൊതുജന പരാതി പരിഹാര അവകാശ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത്, ഗസറ്റ് വിജ്ഞാപനം വഴി സർക്കാർ നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.— ഈ ആക്റ്റിൽ, സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) ''പരാതി'' എന്നാൽ ഏതെങ്കിലും വ്യക്തിക്കോ സംഘടനയ്ക്കോ സമൂഹത്തിനോ ഏതെങ്കിലും സർക്കാർ പദ്ധതിയോ സേവനമോ കർമ്മ പരിപാടിയോ നിയമ നടപടിയോ മുഖേന ആനുകൂല്യം ലഭിക്കുന്നതിനോ അല്ലെങ്കിൽ ലഭിക്കുന്നതിൽ കാലതാമസം നേരിടുകയോ നൽകാതിരിക്കുകയോ ചെയ്യുന്ന സാഹചര്യങ്ങളിൽ അവയ്ക്ക് പരിഹാരം ആവശ്യപ്പെട്ടുകൊണ്ട് അപ്രകാരമുള്ളവർ ബന്ധപ്പെട്ട പൊതു അധികാരിക്ക് നൽകുന്ന അപേക്ഷ എന്നർത്ഥമാകുന്നു:

921/2025.

എന്നാൽ, സർക്കാർ സേവനത്തിൽ നിന്നും വിരമിച്ചതോ സേവനത്തിൽ തുടരുന്നതോ ആയ ഒരാളുടെ സേവന സംബന്ധമായ വിഷയങ്ങളോ ഏതെങ്കിലും കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ പരിഗണനയിലിരിക്കുന്നതോ അധികാര പരിധിയിൽപ്പെടുന്നതോ 2005-ലെ വിവരാകാശ നിയമം (2005-ലെ 22-ാം കേന്ദ്ര ആക്റ്റ്) പ്രകാരമോ 2012-ലെ കേരള സംസ്ഥാന സേവനാവകാശ നിയമം (2012-ലെ 18) പ്രകാരമോ ഉള്ള യാതൊരു സംഗതിയും ഉൾപ്പെടുന്നതല്ല;

(ബി) "പൊതുജന പരാതി പരിഹാര അവകാശം" എന്നാൽ ഒരു പരാതിയുടെ അടിസ്ഥാനത്തിൽ പരാതിക്കാരനെ കേൾക്കുന്നതിനും നിശ്ചിത സമയ പരിധിക്കുള്ളിൽ പരാതി പരിഹരിക്കപ്പെടുന്നതിനും അത് സംബന്ധിച്ച വിവരം അയാൾക്ക് ലഭിക്കുന്നതിനുമുള്ള അവകാശം എന്നർത്ഥമാകുന്നു;

(സി) "നിശ്ചിത സമയ പരിധി" എന്നാൽ പരാതിക്കാരനെ കേൾക്കുന്നതിനും അയാളുടെ പരാതി പരിഹരിക്കുന്നതിനും അപ്രകാരം പൊതുജന പരാതി പരിഹാര ഉദ്യോഗസ്ഥനോ അപ്പീൽ അധികാരിയോ പരാതിയിന്മേലോ അപ്പീലിന്മേലോ തീരുമാനം എടുത്തത് സംബന്ധിച്ച് അറിയിപ്പ് നൽകുന്നതിനും അനുവദനീയമായ പരമാവധി സമയം എന്നർത്ഥമാകുന്നു;

(ഡി) "തീരുമാനം" എന്നാൽ ഏതെങ്കിലും പരാതിയിന്മേലോ അപ്പീലിന്മേലോ ഈ ആക്റ്റ് പ്രകാരമുള്ള പൊതുജന പരാതി പരിഹാര ഉദ്യോഗസ്ഥനോ അപ്പീൽ അധികാരിയോ കൈക്കൊണ്ട തീരുമാനം എന്നർത്ഥമാകുന്നതും അതിൽ പരാതിക്കാരനോ അപ്പീൽ അപേക്ഷകനോ, അതത് സംഗതിപോലെ, നൽകുന്ന അറിയിപ്പും ഉൾപ്പെടുന്നതുമാകുന്നു.

(ഇ) "പൊതുജന പരാതി പരിഹാര ഉദ്യോഗസ്ഥൻ" എന്നാൽ ഈ ആക്റ്റിലെ 3-ാം വകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(എഫ്) "പൊതു അധികാര സ്ഥാനം" എന്നാൽ 2005-ലെ വിവരാവകാശ നിയമത്തിൽ (2005-ലെ 22-ാം നമ്പർ കേന്ദ്ര ആക്റ്റ്) 2(h) വകുപ്പിൽ നൽകിയിരിക്കുന്ന അതേ അർത്ഥം തന്നെയാകുന്നു;

(ജി) "ദിവസം" എന്നാൽ സമയ പരിധിയെ കുറിക്കുന്ന പ്രവർത്തി ദിവസം എന്നർത്ഥമാകുന്നു;

(എച്ച്) "ഒന്നാം അപ്പീൽ അധികാരി" എന്നാൽ 3-ാം വകുപ്പ് പ്രകാരം അങ്ങനെ നിയമിക്കപ്പെട്ട ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(ഐ) "രണ്ടാം അപ്പീൽ അധികാരി" എന്നാൽ ഈ ആക്റ്റിലെ 3-ാം വകുപ്പ് പ്രകാരം അങ്ങനെ നിയമിക്കപ്പെട്ട ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(ജെ) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു;

(കെ) "വിജ്ഞാപനം" എന്നാൽ സംസ്ഥാനത്തിന്റെ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു;

(എൽ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(എം) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു.

3. വിജ്ഞാപനം ചെയ്യണമെന്ന്.—ഈ ആക്റ്റിന്റെ പ്രാരംഭം മുതൽ ഒരു വർഷത്തിനുള്ളിൽ, ഓരോ സർക്കാർ വകുപ്പും ഓരോ വകുപ്പ് തലവനും ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും ഓരോ നിയമാധിഷ്ഠിത നികായവും പൊതുജന പരാതി പരിഹാര ഉദ്യോഗസ്ഥൻ, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി, നിശ്ചിത സമയപരിധി എന്നിവ, തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ മറ്റ് വിധത്തിൽ വ്യവസ്ഥ ചെയ്തവ ഒഴികെ, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതാണ്.

4. പൊതുജനങ്ങൾക്കുള്ള പരാതി പരിഹരിച്ച് ലഭിക്കുന്നതിനുള്ള അവകാശം.—3-ാം വകുപ്പിൽ വിജ്ഞാപനം ചെയ്യപ്പെട്ട പ്രകാരം നിശ്ചിത സമയ പരിധിക്കുള്ളിൽ പൊതുജനങ്ങളുടെ പരാതി പരിഹരിച്ച് ലഭിക്കുന്നതിനോ അല്ലെങ്കിൽ പരിഹൃതമാകാത്തത് സംബന്ധിച്ച് കാര്യകാരണ സഹിതമുള്ള അറിയിപ്പ് ലഭിക്കുന്നതിനോ പൊതുജനങ്ങൾക്ക് അവകാശം ഉണ്ടായിരിക്കുന്നതാണ്.

5. പൊതുജന പരാതി സ്വീകരിക്കൽ.—(1) പരാതി അടങ്ങുന്ന അപേക്ഷ പരാതി പരിഹാര ഉദ്യോഗസ്ഥനോ അല്ലെങ്കിൽ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ സ്വീകരിക്കേണ്ടതും കൈപ്പറ്റ് രസീത് നൽകേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള പരാതി ഓൺലൈൻ മുഖേന സ്വീകരിക്കുന്നതിനും കൈപ്പറ്റ് രസീത് ഓൺലൈനായി നൽകുന്നതിനുമുള്ള സൗകര്യം പരാതി പരിഹാര ഉദ്യോഗസ്ഥൻ ഏർപ്പെടുത്തേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള അപേക്ഷ ലഭിച്ച തീയതി മുതൽ നിശ്ചിത സമയ പരിധി ആരംഭിക്കുന്നതാണ്.

(4) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള പരാതി ലഭിച്ചാൽ പരാതി പരിഹാര ഉദ്യോഗസ്ഥൻ, തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് ഭംഗം വരാത്തവിധം, നിശ്ചിത സമയ പരിധിക്കുള്ളിൽ പരാതി പരിഹരിക്കുകയോ നിരസിക്കുകയോ ചെയ്യേണ്ടതാണ്.

(5) പരാതി നിരസിക്കുന്ന സംഗതിയിൽ പരാതി പരിഹാര ഉദ്യോഗസ്ഥൻ അതിനുള്ള കാരണം രേഖപ്പെടുത്തേണ്ടതും അതുൾപ്പെടെ പരാതിക്കാരനെ നിശ്ചിത സമയപരിധിക്കുള്ളിൽ ഓൺലൈനായോ അല്ലാതെയോ അറിയിക്കേണ്ടതുമാണ്.

6. പരാതിക്കാരനെ കേൾക്കണമെന്ന്.— 5-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം നടപടി സ്വീകരിക്കുന്നതിന് മുൻപായി ആവശ്യമെന്ന് തോന്നുന്നപക്ഷം നിർണ്ണയിക്കുന്ന രീതിയിൽ പരാതി പരിഹാര ഉദ്യോഗസ്ഥൻ പരാതിക്കാരനെ നിശ്ചിത സമയപരിധിക്കുള്ളിൽ കേൾക്കുന്നതിന് അവസരം നൽകേണ്ടതാണ്.

7. അപ്പീൽ.— (1) നിശ്ചിത സമയപരിധിക്കുള്ളിൽ പരാതി പരിഹരിക്കാതെയോ അല്ലെങ്കിൽ 5-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പ് പ്രകാരം അപേക്ഷ നിരസിക്കപ്പെട്ടതോ ആയ ഏതൊരാൾക്കും ഒന്നാം അപ്പീൽ അധികാരി മുമ്പാകെ പരാതി അടങ്ങുന്ന അപേക്ഷ നിരസിച്ച തീയതി അല്ലെങ്കിൽ നിശ്ചിത സമയപരിധി അവസാനിച്ച് മുപ്പത് ദിവസത്തിനുള്ളിൽ, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള ഫീസ് ഒടുക്കിയും അപ്പീൽ സമർപ്പിക്കാവുന്നതാണ്:

എന്നാൽ, അപ്പീൽ വാദിക്ക് അപ്രകാരമുള്ള സമയത്തിനുള്ളിൽ അപ്പീൽ ഫയൽ ചെയ്യാതിരുന്നതിന് മതിയായ കാരണം ഉണ്ടെന്ന് ഒന്നാം അപ്പീൽ അധികാരിക്ക് ബോധ്യമാകുന്നപക്ഷം മുപ്പത് ദിവസം അവസാനിച്ചതിന് ശേഷവും അപ്പീൽ സ്വീകരിക്കാവുന്നതാണ്.

(2) ഒന്നാം അപ്പീൽ അധികാരിക്ക് പരാതി പരിഹാര ഉദ്യോഗസ്ഥനോട് നിശ്ചിത കാലയളവിനുള്ളിൽ പരാതി പരിഹരിക്കുന്നതിന് നിർദ്ദേശിക്കുകയോ അല്ലെങ്കിൽ അപ്പീൽ നിരസിക്കുകയോ ചെയ്യാവുന്നതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള അപ്പീൽ അപേക്ഷ നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പാക്കേണ്ടതും അപ്രകാരം അപേക്ഷകനെ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ വിവരം അറിയിക്കേണ്ടതുമാണ്.

(4) ഒന്നാം അപ്പീൽ അധികാരിയുടെ തീരുമാനത്തിൽ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും ഒന്നാം അപ്പീൽ അധികാരിയുടെ അറിയിപ്പ് ലഭിച്ച തീയതി മുതൽ അറുപത് ദിവസത്തിനുള്ളിൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള ഫീസ് ഒടുക്കിയും രണ്ടാം അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്:

എന്നാൽ, അപ്രകാരമുള്ള സമയത്തിനുള്ളിൽ അപ്പീൽ വാദിക്ക് അപ്പീൽ ഫയൽ ചെയ്യാതിരുന്നതിന് മതിയായ കാരണം ഉണ്ടെന്ന് രണ്ടാം അപ്പീൽ അധികാരിക്ക് ബോധ്യമാകുന്നപക്ഷം അറുപത് ദിവസം അവസാനിച്ചതിന് ശേഷവും അപ്പീൽ സ്വീകരിക്കാവുന്നതാണ്.

(5) രണ്ടാം അപ്പീൽ അധികാരിക്ക് പരാതി പരിഹാര ഉദ്യോഗസ്ഥനോട് നിശ്ചിത സമയപരിധിക്കുള്ളിൽ പരാതി പരിഹരിക്കുന്നതിന് നിർദ്ദേശം നൽകുകയോ അല്ലെങ്കിൽ അപ്പീൽ നിരസിക്കുകയോ ചെയ്യാവുന്നതാണ്.

(6) (4)-ാം ഉപവകുപ്പ് പ്രകാരമുള്ള അപ്പീൽ അപേക്ഷ നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പാക്കേണ്ടതും അപ്രകാരം അപേക്ഷകനെ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ വിവരം അറിയിക്കേണ്ടതുമാണ്.

(7) നിശ്ചിത സമയപരിധിക്കുള്ളിൽ പരാതി പരിഹരിക്കപ്പെടാതെയിരുന്നതിന് മതിയായ കാരണമില്ലെന്ന് രണ്ടാം അപ്പീൽ അധികാരിക്ക് ബോധ്യമാകുന്നപക്ഷം പരാതി പരിഹാര ഉദ്യോഗസ്ഥന്റെമേൽ 9-ാം വകുപ്പിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള ശിക്ഷ ചുമത്താവുന്നതാണ്.

8. രണ്ടാം അപ്പീൽ അധികാരിക്കുള്ള അപേക്ഷ.—(1) 7-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരമോ (5)-ാം ഉപവകുപ്പ് പ്രകാരമോ പരാതി പരിഹാര ഉദ്യോഗസ്ഥൻ നടപടി സ്വീകരിക്കാത്തപക്ഷം അപ്പീൽ അപേക്ഷകന് രണ്ടാം അപ്പീൽ അധികാരിക്ക് നേരിട്ട് അപേക്ഷ നൽകാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം ലഭിച്ച അങ്ങനെയുള്ള അപേക്ഷ രണ്ടാം അപ്പീൽ അധികാരി തീർപ്പാക്കേണ്ട രീതിയിൽ തീർപ്പാക്കേണ്ടതാണ്.

9. ശിക്ഷ.—(1) മതിയായ കാരണമില്ലാതെ ലഭിച്ച പരാതിയിന്മേലോ അപ്പീലിന്മേലോ അതത് സംഗതിപോലെ നടപടി സ്വീകരിക്കാത്തതായി കണ്ടെത്തിയാൽ രണ്ടാം അപ്പീൽ അധികാരിക്ക് കാരണങ്ങൾ വിവരിച്ചുകൊണ്ടുള്ള ഉത്തരവ് മുഖേന പരാതി പരിഹാര ഉദ്യോഗസ്ഥന്മേലോ ഒന്നാം അപ്പീൽ അധികാരിയുടെമേലോ നിർണ്ണയിക്കപ്പെടാവുന്ന പിഴ ചുമത്താവുന്നതാണ്.

(2) മതിയായ കാരണമില്ലാതെ ഈ ആക്റ്റ് പ്രകാരം ഏൽപ്പിച്ചുകൊടുത്ത ചുമതലകൾ നിർവ്വഹിക്കുന്നതിൽ പരാതി പരിഹാര ഉദ്യോഗസ്ഥനോ ഒന്നാം അപ്പീൽ അധികാരിയോ വീഴ്ച വരുത്തിയതായി രണ്ടാം അപ്പീൽ അധികാരിക്ക് ബോധ്യമാകുന്ന പക്ഷം അവർക്ക് ബാധകമാകുന്ന സർവ്വീസ് ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടികൾക്ക് ശിപാർശ ചെയ്യാവുന്നതാണ്.

10. മറ്റ് നിയമങ്ങളുടെ ബാധകമാക്കൽ തടയുന്നില്ലെന്ന്.—ഈ ആക്റ്റിലെ വ്യവസ്ഥകൾ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിന് പുറമെയും അതിന് ഭംഗം വരുത്താതെയും ആയിരിക്കുന്നതാണ്.

11. ഉത്തമവിശ്വാസപൂർവ്വം ചെയ്ത നടപടികൾക്ക് സംരക്ഷണം.—ഈ ആക്റ്റിലേയോ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളിലേയോ റെഗുലേഷനുകളിലേയോ വ്യവസ്ഥകൾ പ്രകാരം ഉത്തമ വിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ ഏതൊരു നടപടികൾ സംബന്ധിച്ച് ഏതെങ്കിലും ഉദ്യോഗസ്ഥനോ ഏതെങ്കിലും വ്യക്തിക്കോ എതിരായി യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ ശിക്ഷാനടപടികളോ മറ്റ് നിയമ നടപടികളോ നിലനിൽക്കുന്നതല്ല.

12. സിവിൽ കോടതികളുടെ ആധികാരിതക്ക് വിലക്ക്.—ഈ ആക്റ്റ് പ്രകാരം പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവ് സംബന്ധിച്ച് ഏതെങ്കിലും വ്യവഹാരമോ അപേക്ഷയോ മറ്റ് നടപടിയോ യാതൊരു സിവിൽ കോടതിയും പരിഗണിക്കേണ്ടാത്തതും അത്തരത്തിലുള്ള യാതൊരു ഉത്തരവും ഈ ആക്റ്റ് പ്രകാരമുള്ള അപ്പീൽ വഴിയല്ലാതെ ചോദ്യം ചെയ്യുവാൻ പാടില്ലാത്തതുമാണ്.

13. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.— (1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിൽ ഏതെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്ന പക്ഷം, സർക്കാരിന് വൈഷമ്യം നീക്കം ചെയ്യുന്നതിന് ആവശ്യമെന്ന് തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ വ്യവസ്ഥകൾ, ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവ് മൂലം ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന് രണ്ട് വർഷത്തിനുശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും ഉണ്ടാക്കുവാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പ് പ്രകാരം ഉണ്ടാക്കിയ ഓരോ ഉത്തരവും അത് ഉണ്ടാക്കിയതിനുശേഷം ഉടൻതന്നെ നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

14. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന്, ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും, അത് ഉണ്ടാക്കിയ ശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ അല്ലെങ്കിൽ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസത്തേയ്ക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ അതിന് തൊട്ടടുത്ത് വരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുൻപ് നിയമസഭ പ്രസ്തുത ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതത് സംഗതി പോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ പ്രാബല്യം ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും, അങ്ങനെയുള്ള രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുൻപ് ചെയ്ത ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതുമാണ്.

ഉദ്ദേശ്യകാര്യങ്ങളുടെ വിവരണം

ഏതൊരു സർക്കാരിന്റെയും കാര്യക്ഷമതയെ അളക്കുന്നത് അതിന്റെ പരാതി പരിഹാര സംവിധാനത്തിന്റെ പ്രവർത്തനം വിലയിരുത്തുന്നതിലൂടെയാണ്. പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികളുടെ തുടരെയുള്ള വിശകലനത്തിലൂടെ നയങ്ങളിലും നടപടി ക്രമങ്ങളിലും ആവശ്യമായ തിരുത്തലുകൾ വരുത്തി ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് സാധിക്കുന്നതാണ്. പൊതുജനങ്ങൾക്ക് ആവശ്യമാകുന്ന സേവനം തക്കസമയത്ത് ലഭിക്കാതെ വരികയോ സേവനം നിരസിക്കുകയോ ഏതെങ്കിലും തരത്തിലുള്ള വിവേചനം നേരിടുന്നതായോ ഭരണപരമായ കെടുകാര്യസ്ഥതയോ എന്നിങ്ങനെ ഒട്ടനവധി കാരണങ്ങളാൽ പല വിഷയങ്ങളും പരാതികളായി പരിണമിക്കുന്നു.

സംസ്ഥാനത്ത് 2005-ലെ വിവരാവകാശ നിയമം 2012-ലെ കേരള സേവനാവകാശ നിയമം എന്നിവ പ്രകാരം ഒരു പൗരന് ആവശ്യമായ വിവരം സേവനം എന്നിവ ഏതൊരു സർക്കാർ സ്ഥാപനത്തിൽനിന്നും ഏജൻസിയിൽനിന്നും ലഭ്യമാകുന്നതിന് ഇടയാകുന്നു. എന്നാൽ, പൊതുജനങ്ങൾ, അവർ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച പരാതികളുമായി സർക്കാരിന്റെ വിവിധ അധികാര സ്ഥാനങ്ങളെ പലപ്പോഴും സമീപിക്കേണ്ടതായി വരുന്നുണ്ട്. അദാലത്തുകൾ, പൊതുജനങ്ങളിൽനിന്നും നേരിട്ട് പരാതി സ്വീകരിക്കുന്ന ക്യാമ്പെയ്നുകൾ, മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര പോർട്ടൽ, വിവിധ കമ്മീഷനുകൾ, ഓംബുഡ്സ്മാൻ എന്നിങ്ങനെ നിരവധി പരാതി പരിഹാര സംവിധാനം സംസ്ഥാനത്ത് പ്രശംസാർഹമായ രീതിയിൽ

പ്രവർത്തിച്ചുവരുന്നുണ്ട്. എന്നിരുന്നാലും വകുപ്പുകളുടെ പ്രവർത്തന കാര്യക്ഷമത യില്ലായ്മ, നീതിനിഷേധം, അശരണർ, മുതിർന്ന പൗരന്മാർ എന്നിവർ നേരിടുന്ന പ്രശ്നങ്ങൾ തുടങ്ങി ഒട്ടേറെ കാലിക പ്രസക്തിയുള്ള ഹർജികളിൽ അടിയന്തര നടപടി സ്വീകരിക്കാതെ പരാതിക്കാർ മരണപ്പെട്ടതുൾപ്പെടെയുള്ള കാരണങ്ങളാൽ ഹർജിയുടെ പ്രസക്തി തന്നെ നഷ്ടപ്പെടുന്ന സ്ഥിതിവിശേഷം സംജാതമാകുന്നു. ഇത് ഒഴിവാക്കുന്നതിന് നിയമനിർമ്മാണത്തിലൂടെ ഓരോ പരാതിക്കാരന്റെയും പരാതി പരിഹൃതമാകുക എന്നത് അയാളുടെ അവകാശമായി സ്ഥാപിക്കുന്നത് മുഖേന മാത്രമേ സാധിക്കുകയുള്ളൂ. ഓരോ പരാതിയും പരിഹരിക്കുന്നതിന് അതത് വകുപ്പുകൾ തീരുമാനിച്ച് വിജ്ഞാപനം ചെയ്യുന്ന സമയപരിധി പരാതികൾ തീർപ്പാക്കുന്നതിലെ കാര്യക്ഷമത പൂർണ്ണമാക്കുന്നു. അത് ഉദ്ദേശിച്ചുള്ളതാണ് ഈ ബിൽ.

ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാകുകയും പ്രാബല്യത്തിൽ വരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

(1) ബില്ലിലെ 1-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം ആക്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി ഗസറ്റ് വിജ്ഞാപനത്തിലൂടെ നിശ്ചയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(2) ബില്ലിലെ 3-ാം ഖണ്ഡം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, അധികാരികൾ, സമയ പരിധി എന്നിവ സംബന്ധിച്ച് സർക്കാർ വകുപ്പുകൾ വിജ്ഞാപനം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു.

(3) ബില്ലിലെ 6-ാം ഖണ്ഡം പരാതിക്കാരനെ കേൾക്കുന്നതിനുള്ള നടപടി ക്രമവും സമയപരിധിയും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(4) ബില്ലിലെ 7-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം അപ്പീൽ സമർപ്പിക്കുന്നതിനുള്ള നടപടിക്രമവും ഫീസും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(5) ബില്ലിലെ 7-ാം ഖണ്ഡം (4)-ാം ഉപഖണ്ഡം രണ്ടാം അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ സമർപ്പിക്കുന്നതിനുള്ള നടപടിക്രമവും ഫീസും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(6) ബില്ലിലെ 7-ാം ഖണ്ഡം (6)-ാം ഉപഖണ്ഡം അപ്പീൽ അപേക്ഷ തീർപ്പാക്കിയത് സംബന്ധിച്ച വിവരം അപേക്ഷകനെ അറിയിക്കുന്ന രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(7) ബില്ലിലെ 9-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം പരാതി പരിഹാര ഉദ്യോഗസ്ഥനോ ഒന്നാം അപ്പീൽ അധികാരിക്കോ എതിരായി ചുമത്തുന്ന പിഴ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(8) ബില്ലിലെ 13-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(9) ബില്ലിലെ 14-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(10) ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത്, അല്ലെങ്കിൽ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കാവുന്നത് അവ നടപടി ക്രമങ്ങൾ സംബന്ധിച്ചുള്ളതോ സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടു കൂടിയവയാകുന്നു. കൂടാതെ, ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയ വുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം അതിനാൽ സാധാരണ സ്വഭാവത്തോടു കൂടിയതാണ്.

ഡോ. എൻ. ജയരാജ്.